ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ കൈത്തറി വ്യവസായ സഹകരണ സംഘങ്ങളിൽ നിന്നും തുണി സംഭരണം ചെയ്യുന്നതിൽ 28-2-2005 വരെ ഹാൻടെക്സ് 2214.25 ലക്ഷം രൂപ നൽകാനുണ്ട്. ഹാൻവീവ് ഈ ഇനത്തിൽ കുടിശ്ശിക കൊടുത്തു തീർക്കാനില്ല.

(ബി) ഉണ്ട്.

(സി) ഹാന്റക്സ് അംഗങ്ങളിൽ നിന്നും സംഭരിച്ച തുണി അടിയന്തിരമായി വിറ്റഴിച്ച്, സംഘങ്ങൾക്ക് നൽകാനുള്ള തുക ഉടനെ നൽകുന്നതിന് ഹാന്റക്സിന് നിർദ്ദേശം നൽകുന്നതാണ്.

കൈത്തറി മേഖലയെ രക്ഷിക്കാൻ നടപടി

20 [2057] ശ്രീ. എ. സി. ഷൺമുഖദാസ് :

,, സി. കെ. നാണു :

,, കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കൈത്തറി മേഖലയിൽ ഈ സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഹാൻടെക്സ് ഉൾപ്പെടെയുള്ള സംസ്ഥാന ഏജൻസികളിൽനിന്നും കേന്ദ്ര സർക്കാരിൽനിന്നും അനുവദിച്ച തുക ഉൾപ്പെടെ എത്ര തുക സംസ്ഥാന ചെറുകിട കൈത്തറി സഹകരണ സംഘങ്ങൾക്ക് ലഭിക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത തുക ലഭിക്കാത്തതുമൂലം പ്രതിസന്ധിയിലായ കൈത്തറി മേഖലയെ രക്ഷിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കൈത്തറി മേഖലയിൽ 28-2-2005 വരെ 19 കോടി രൂപ പദ്ധതിയിനത്തിലും 6.20 കോടി രൂപ പദ്ധതിയേതര ഇനത്തിലുമായി ചെലവഴിച്ചു.

(ബി) കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, ഹാൻടെക്സ് എന്നിവ പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് അനുവദിക്കാനുള്ള തുകയുടെ വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

1. കേന്ദ്രസർക്കാർ താഴെ സൂചിപ്പിച്ചിരിക്കുന്ന പദ്ധതികൾക്ക് അനുവദിച്ച 6.392 കോടി രൂപ സംസ്ഥാന സർക്കാർ റിലീസ് ചെയ്യാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര റിബേറ്റ് 10% - 5,80,55,614 രൂപ

സെൻവാറ്റ് സ്കീം - 6,68,939 രൂപ

എം. ഡി. എ. - 51,93,110 രൂപ

6,39,17,663 രൂപ

2. ഇതുകൂടാതെ സംസ്ഥാന സർക്കാർ 2001-02-ലെ റിബേറ്റ് ഇനത്തിൽ 1.43 കോടി രൂപ പ്രാഥമിക സംഘങ്ങൾക്ക് അനുവദിക്കാനുണ്ട്.

3. കേന്ദ്രസർക്കാർ 10% റിബേറ്റ് ഇനത്തിൽ 1.45 കോടി രൂപ (1-10-2004 മുതൽ 31-12-2004 വരെ) പ്രാഥമിക സംഘങ്ങൾക്ക് അനുവദിക്കാനുണ്ട്.

4. ഹാന്റ്ക്സ് തുണി സംഭരിച്ച വകയിൽ 2004 ഡിസംബർ 31-ലെ കണക്ക് പ്രകാരം പ്രാഥമിക സംഘങ്ങൾക്ക് 22,14,25,000 (ഇരുപത്തിരണ്ട് കോടി പതിനാല് ലക്ഷത്തി ഇരുപത്തി അയ്യായിരം) രൂപ നൽകാനുണ്ട്.

(സി) കേന്ദ്രസർക്കാർ അനുവദിച്ച തുക റിലീസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാന റിബേറ്റ് കുടിശ്ശിക നൽകാൻ രണ്ട് കോടി രൂപ 2005-06-ലെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. ഹാൻടെക്സ് നൽകാനുള്ള തുക ഉടനെ സംഘങ്ങൾക്ക് അനുവദിക്കാൻ നിർദ്ദേശം നൽകുന്നതാണ്.

കൈത്തറി വ്യവസായ മേഖലയിൽ ക്ലസ്റ്റർ സ്കീം

21 [2058] ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായമേഖലയിൽ ക്ലസ്റ്റർ സ്കീം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കീം അനുസരിച്ച് എന്തൊക്കെ സഹായങ്ങൾ നൽകാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) കേന്ദ്ര സർക്കാരിൽ നിന്നും പ്രസ്തുത പദ്ധതിക്ക് സഹായം പ്രതീക്ഷിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ക്ലസ്റ്റർ ഡവലപ്പ്മെന്റ് സമീപനം അവലംബിച്ചുകൊണ്ട് കേരളത്തിൽ ദീനദയാൽ കൈത്തറി വികസന പദ്ധതി നടപ്പാക്കിവരുന്നു. ഇതുകൂടാതെ തിരുവനന്തപുരം, കണ്ണൂർ ജില്ലകളിലായി യഥാക്രമം തനിമ, കൃതിക എന്നീ പ്രൊജക്ടുകൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ പ്രൊജക്റ്റുകളും ക്ലസ്റ്റർ ഡവലപ്പ്മെന്റ് സമീപനം അവലംബിച്ചായിരിക്കും നടപ്പാക്കുക.

LIBRARY ARCHIVES Kerala Legislative Assembly